സുപ്രഭാതം
05 July 2018

# പുരസ്കാര തിളക്കത്തിൽ സി.എം.എഫ്.ആർ.ഐ: നേടിയത് നാല് പുരസ്കാരങ്ങൾ

കൊച്ചി: ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ) ഇത്തവണത്തെ പുരസ്കാര പ്രഖ്യാപനങ്ങളിൽ തിളങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ദേശീയ തലത്തിൽ ശ്രദ്ധേയമായ നാല് പുരസ്കാരങ്ങളാണ് സി.എം.എഫ്.ആർ.ഐക്ക് ലഭിച്ചത്.

കാർഷിക മേഖലയിലെ ഗവേഷണ മികവിനുള്ള റാഫി അഹമ്മദ് കിദ്വായ് പുരസ്കാരം, ലാൽബഹദൂർ ശാസ്ത്രി യുവ ശാസ്ത്രജ്ഞനുള്ള പുരസ്കാരം, മികച്ച ഡോക്ടറൽ ഗവേഷണ പ്രബന്ധത്തിനുള്ള ജവഹർലാൽ നെഹ്റു പുരസ്കാരം എന്നിവ യഥാക്രമം സി.എം.എഫ്.ആർ.ഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തി, സയന്റിസ്റ്റ് ഡോ. എൽദോ വർഗീസ്, ടെക്നിക്കൽ അസിസ്റ്റന്റ് ഡോ. അനുശ്രീ വി. നായർ എന്നിവർ സ്വന്തമാക്കി.

കൂടാതെ, ഔദ്യോഗിക ഭാഷയായ ഹിന്ദിയുടെ പ്രചാരണവുമായി ബന്ധപ്പെട്ട മികച്ച പ്രവർത്തനങ്ങൾക്ക് രാജർശി ടാണ്ടൻ പുരസ്കാരവും സി.എം.എഫ്.ആർ.ഐ നേടി. കടൽ പായലിൽ നിന്നും, പ്രമേഹം, സന്ധിവേദന, അമിതവണ്ണം, തൈറോയ്ഡ് തുടങ്ങിയ രോഗങ്ങൾക്കുള്ള ഔഷധോൽപന്നങ്ങൾ വികസിപ്പിച്ചതടക്കമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് ഡോ. കാജലിന് റാഫി അഹമ്മദ് കിദ്വായ് പുരസ്കാരം ലഭിച്ചത്. അഞ്ച് ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

കാർഷിക ഗവേഷണ പരീക്ഷണങ്ങളിൽ ഉപയോഗിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഡിസൈനുകൾ വികസിപ്പിച്ചതിനാണ് ഡോ. എൽദോയ്ക്ക് മികച്ച യുവ ശാസ്ത്രജ്ഞനുള്ള പുരസ്കാരം.

പുരസ്കാരത്തിന്റെ ഭാഗമായി ലഭിക്കുന്ന ഒരു ലക്ഷം രൂപയ്ക്ക് പുറമെ, മുപ്പത് ലക്ഷം രൂപയുടെ മൂന്ന് വർഷത്തേക്കുള്ള ഗവേഷണ പ്രൊജക്ടും വിദേശ പരിശീലനവും പുരസ്കാരത്തിന്റെ ഭാഗമായി ലഭിക്കും. ഐ.സി.എ.ആറിന്റെ സ്ഥാപകദിനമായ 16ന് ഡൽഹിയിൽ വെച്ച് നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.